# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 434 | 28.02.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക സേവന നികുതി നടപ്പാക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൽദോ എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ചരക്കസേവന നികുതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 2017 ജൂലൈ 1 മുതൽ ചരക്ക് സേവന നികുതി (GST) നിലവിൽ വരണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നടപടികൾ പുരോഗമിക്കുന്നത്. ഇതിനായി CGST, IGST and SGST നിയമങ്ങളുടെ കരട് തയ്യാറാക്കിക്കഴിഞ്ഞു. ഇതോടൊപ്പം പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി വിവരസാങ്കേതിക വിദഗ്ധരെ നിയമിക്കുകയും NIC യുടെ സഹകരണത്തോടെ പ്രവർത്തനം പുരോഗമിച്ച വരുകയും ചെയ്യുന്നു.<br>ഇതിന് പുറമെ Model GST നിയമത്തെപ്പറ്റി വകുപ്പ് ജീവനക്കാർക്ക് പരിശീലനം നടത്തിവരുന്നു.<br>GST - യുടെ സാങ്കേതികവിദ്യയെപ്പറ്റിയുള്ള പരിശീലനത്തിന്റെ ഭാഗമായി വാണിജ്യ നികുതി വകുപ്പിൽ നിന്നും 50 ഉദ്യോഗസ്ഥരെ Master Trainees ആയി ശുപാർശ ചെയ്യുകയും, ഇവർക്ക് GSTN പരിശീലനവും നടത്തിവരുന്നു. ഇവർ വകുപ്പിലെ മറ്റ് ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകും. |
| (ബി) | ചരക്കസേവന നികുതി നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തെ സമ്പദ്ഘടനയിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ | (ബി) | ചരക്കസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | ഇതിനപ്പുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് നമ്മുടെ രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.<br>ജി. എസ്. ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |

**സെക്ഷൻ ഓഫീസർ**